**കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ (INTUC)**
H.O.S വരദരാജൻ നായർ സ്മാരക മന്ദിരം,മാഞ്ഞാലിക്കുളം റോഡ്,തമ്പാനൂർ,തിരുവനന്തപുരം
**Ph: 0471- 2333640**

**സർക്കുലർ നമ്പർ: 15/2026**

# അറിയിപ്പ്

സുഹൃത്തേ,

29.10.2026 ന് നടക്കുന്ന യൂണിയൻ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ അന്നേദിവസം രാവിലെ **09.30** മണിക്ക് തന്നെ തമ്പാനൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ എത്തിച്ചേരേണ്ടതാണ്. 09.**30** മണിക്ക് പതാക ഉയർത്തലിന് ശേഷം **10.00** മണിയോടെ സംസ്ഥാന സമ്മേളന ജാഥ തമ്പാനൂരിൽ നിന്നും ആരംഭിച്ച് പൊതു സമ്മേളനം നടക്കുന്ന **സെൻട്രൽ സ്റ്റേഡിയത്തിലേക്ക്** പോകുന്നതാണ്. പൊതുസമ്മേളനം **ബഹു: മുഖ്യമന്ത്രി ശ്രീ.വി.ഡി.സതീശൻ** ഉദ്ഘാടനം ചെയ്യും. പൊതുസമ്മേളനത്തിൽ പങ്കെടുക്കുന്ന തൊഴിലാളികൾക്ക് സ്റ്റേഡിയത്തിൽ തന്നെ ഉച്ചഭക്ഷണം ക്രമീകരിച്ചിട്ടുണ്ട്. പൊതു സമ്മേളനത്തിനു ശേഷം നടക്കുന്ന സെമിനാർ (പൊതുഗതാഗത സംരക്ഷണം) **ആഭ്യന്തര വകുപ്പു മന്ത്രി ശ്രീ.രമേശ് ചെന്നിത്തല** ഉദ്ഘാടനം ചെയ്യും. പൊതുസമ്മേളനത്തിന് എത്തുന്ന തൊഴിലാളികൾ സെമിനാർ ഉൾപ്പെടെ കഴിഞ്ഞതിന് ശേഷം മാത്രമേ സമ്മേളന ഹാളിൽ നിന്നും പുറത്തേക്ക് പോകാൻ പാടുള്ളൂ.

**29.10.2026** ന് വൈകുന്നേരം **5** മണിക്ക് രാജീവ് ഗാന്ധി ആഡിറ്റോറിയത്തിൽ (തമ്പാനൂർ) വച്ച് യൂണിയൻ സംസ്ഥാന എക്സിക്യൂട്ടീവ് യോഗം നടക്കുന്നതാണ്. പ്രസ്തുത യോഗത്തിൽ യൂണിയൻ സംസ്ഥാന ഭാരവാഹികൾ, സംസ്ഥാന ഓഡിറ്റ് കമ്മിറ്റി അംഗങ്ങൾ, ജില്ലാ പ്രസിഡന്റ്, സെക്രട്ടറി, യൂണിറ്റ് സെക്രട്ടറി, പ്രസിഡന്റ്, സംസ്ഥാന എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ മാത്രം പങ്കെടുക്കേണ്ടതാണ്.

**30.10.2026–ൽ** യൂണിയൻ സംസ്ഥാന പ്രതിനിധി സമ്മേളനം **പാളയം ഭാഗ്യമാലാ ഓഡിറ്റോറിയത്തിൽ** (ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം) രാവിലെ 09.30 മണിക്ക് തന്നെ കെ.പി.സി.സി പ്രസിഡന്റും **വൈദ്യുതിവകുപ്പ് മന്ത്രിയുമായ ശ്രീ.സണ്ണി ജോസഫ്** ഉദ്ഘാടനം ചെയ്യും. പ്രതിനിധി സമ്മേളനത്തിൽ പങ്കെടുക്കേണ്ട സംസ്ഥാന സമ്മേളന പ്രതിനിധികൾ രാവിലെ 08.00 മണിക്ക് തന്നെ ഭാഗ്യമാലാ ഓഡിറ്റോറിയത്തിൽ എത്തി പ്രതിനിധികളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

യൂണിറ്റ് സമ്മേളനത്തിൽ തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സമ്മേളന പ്രതിനിധികളുടെ ലിസ്റ്റ് യൂണിറ്റ് കമ്മിറ്റി ലെറ്റർപാഡിൽ യൂണിയൻ HO യിൽ 10.10.2026 ന് മുൻപ് എത്തിക്കാൻ പറഞ്ഞിരുന്നു എങ്കിലും പല യൂണിറ്റുകളും ആയത് എത്തിച്ചിട്ടില്ല. 'ടി' പ്രതിനിധികളുടെ പേരുവിവരങ്ങൾ ഇതുവരെ HO യിൽ അയച്ചു നൽകാത്ത യൂണിറ്റുകൾ 19.10.2026 ന് മുൻപ് എത്തിക്കേണ്ടതും ആയത് അറിയിക്കാത്ത പക്ഷം 'ടി' യൂണിറ്റുകൾക്ക് പ്രതിനിധികൾ ഇല്ലായെന്ന് കണക്കാക്കുന്നതുമാണ്. ഓരോ സമ്മേളന പ്രതിനിധിക്കും 500/– രൂപ (അഞ്ഞൂറു രൂപ) വീതം രജിസ്ട്രേഷൻ ഫീസായി യൂണിറ്റ് കമ്മറ്റി പ്രതിനിധി സമ്മേളന രജിസ്ട്രേഷൻ സമയത്ത് (30.10.2026ന്) അടയ്ക്കേണ്ടതാണ്. പ്രതിനിധിസമ്മേളനത്തിന് യൂണിറ്റുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട സമ്മേളന പ്രതിനിധികൾക്കു മാത്രമേ പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ. പ്രതിനിധി സമ്മേളനത്തിനും കമ്മിറ്റി തെരഞ്ഞെടുപ്പിനും ശേഷം ഉച്ചഭക്ഷണത്തോടെ സമ്മേളന നടപടികൾ അവസാനിക്കുന്നതാണ്.

സമ്മേളനം വൻവിജയമാക്കുന്നതിന് പരമാവധി പ്രവർത്തകരെ പൊതു സമ്മേളനത്തിന് എത്തിക്കുന്നതിന് യൂണിറ്റു കമ്മിറ്റികളും ജില്ലാകമ്മിറ്റികളും പ്രവർത്തിക്കേണ്ടതാണ്.

തിരുവനന്തപുരം
15.10.2026

എം.വിൻസെന്റ് MLA
ജനറൽസെക്രട്ടറി